**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3992** **12.12.2018-ൽ മറുപടിക്ക്**

കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്ക് പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഒ.പി. ബ്ലോക്കിന്റെ പുനരുദ്ധാരണം നടത്തി രോഗീ സൗഹൃദമാക്കുന്നതിന് 2.18 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 'മേജർ കൺസ്ട്രക്ഷൻ വർക്സ് അണ്ടർ ഡിഎച്ച്എസ്' എന്ന പദ്ധതിയിൽ കീഴിൽ 14 താലൂക്ക് തല ആശുപത്രികളിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കുന്നതിനായി 24/03/2018-ൽ സ.ഉ.(സാധാ) നം.997/2018/ ആ.കു.വ പ്രകാരം '4210-01-110-74 (P)' എന്ന ശീർഷകത്തിൽ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയ്ക്ക് 2,18,44,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിരുന്ന ഹൗസിംഗ് ബോർഡ് വിശദമായ ഡി.പി.ആർ തയ്യാറാക്കി നല്കിയിരുന്നുവെങ്കിലും, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 997/2018/ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കി പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗത്തിന് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. 24/03/2018-ലെ സ.ഉ.(സാധാ) നം.997/2018/ആ.കു.വ പ്രകാരം തുക എൻ.എച്ച്.എം.-നാണ് കൈമാറിയിട്ടുള്ളത്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിനെയാണോ പി.ഡബ്ല്യൂ.ഡി. യെയാണോ നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | ലഭിച്ചിട്ടില്ല. പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി എൻ.എച്ച്.എം. ഹൗസിംഗ് ബോർഡിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**